# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

22/03/2013 - ലെ മറുപടിയ്ക്ക്

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ 1532

## കരപ്പുറം വികസന ഏജൻസി രൂപപ്പെടുത്തുവാൻ നടപടി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ.പി.തിലോത്തമൻ | ശ്രീ.കെ.പി.മോഹനൻ (കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പ് മന്ത്രി) |
| (എ) ആലപ്പുഴ ജില്ലയിലെ കരപ്പുറമെന്ന പ്രദേശത്തെ ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയാൽ കേരളത്തിൽ ഒരു കാർഷിക വിപ്ലവത്തിന് വേദിയാകുമെന്നതിനാൽ ഈ മേഖലയുടെ കാർഷിക സാധ്യതകൾ പഠിക്കുന്നതിനും കൃഷിക്ക് നിലവിൽ നേരിടേണ്ടിവരുന്ന പ്രതിസന്ധികൾ മനസ്സിലാക്കി അവ പരിഹരിക്കുന്നതിനും ഒരു കരപ്പുറം വികസന ഏജൻസി രൂപപ്പെടുത്തുവാൻ നടപടി സ്വീകരിക്കുമോ; | (എ) ആലപ്പുഴ ജില്ലയിലെ കരപ്പുറം പ്രദേശത്തെ ശാസ്ത്രീയമായി ചിട്ടപ്പെടുത്തിയാൽ കേരളത്തിൽ ഒരു കാർഷിക വിപ്ലവത്തിന് വേദിയാകുമെന്നത് വാസ്തവമാണ്. എന്നാൽ കരപ്പുറം വികസന ഏജൻസി രൂപീകരിക്കുക എന്നത് ഇപ്പോൾ പരിഗണനയിലില്ല. |
| (ബി) കരപ്പുറത്തിന്റെ കാർഷിക വളർച്ച ലക്ഷ്യമിട്ട് ഒരു വികസന ഏജൻസി രൂപീകരിക്കണമെന്ന ആവശ്യം ഏതെങ്കിലും സംഘടനകൾ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുണ്ടോ; എങ്കിൽ ഈ നിവേദനത്തിൻമേൽ എന്തു മറുപടിയാണ് നൽകിയിരിക്കുന്നതെന്നു വിശദമാക്കാമോ? | (ബി) ഇതു സംബന്ധിച്ചുള്ള നിവേദനങ്ങൾ ഒന്നും തന്നെ ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ